# നമ്മുടെ ആദർശം

10/09/2021

بسم الله الرحمن الرحيم

- നമുക്കും നാം വിശ്വസിക്കുന്ന ദീനിനും പ്രതാപവും കരുത്തും ആഗ്രഹിക്കുന്നവരാണ് നമ്മൾ, പ്രത്യേകിച്ച് കടുത്ത പരീക്ഷണങ്ങളുടെ ഈ കാലഘട്ടത്തിൽ
- എങ്ങനെ സാധ്യമാകും?
- തൗഹീദിലൂടെയല്ലാതെ ഈ ഉമ്മത്തിന് റബ്ബ് ഇസ്സത് നൽകില്ല.
- ശിർകിന്റെ ആളുകളെ അല്ലാഹു നിന്ദ്യരും ദുർബലരുമാക്കും.
- ഔന്നത്യം ലഭിക്കാൻ റബ്ബ് വെച്ച നിബന്ധന യഥാർത്ഥ വിശ്വാസിയാവുക എന്നതാണ്.
- സാമ്പത്തിക ശേഷി കൊണ്ടോ ആയുധ ശക്തി കൊണ്ടോ അത് ലഭിക്കുകയില്ല.

وَلَا تَهِنُوا وَلَا تَحْزَنُوا وَأَنتُمُ الْأَعْلَوْنَ إِن كُنتُم مُّؤْمِنِينَ ﴿أل عمران: ١٣٩﴾

യഥാർത്ഥ ഈമാനുള്ളവരായി മാറണം.

وعن أبي هريرة -: أنّ رسول الله - ﷺ - قالَ :الإيمانُ بِضْعٌ وسَبْعُونَ أَوْ بِضْعٌ وسِتُّونَ شُعْبَةً :فَأَفْضَلُها قَوْلُ: لاَ إِلَهَ إلاَّ الله، وأَدْناها إماطَةُ الأذى عَنِ الطَّرِيقِ، والحَياءُ شُعْبَةٌ مِنَ الإيمانِ (متفقٌ عَلَيْهِ.)

لا الاه الا الله ക്ക് എതിരാകുന്ന എല്ലാം നാം ഒഴിവാക്കണം.

- എതിരാകുന്ന കാര്യങ്ങൾ ചുരുക്കി സൂചിപ്പിക്കുക.
- അങ്ങനെ അല്ലാഹുവിൽ പങ്ക് ചേർക്കാത്തവർക്ക് റബ്ബ് നൽകുന്ന സത്യ വാഗ്ദാനം നോക്കുക.

وَعَدَ اللَّهُ الَّذِينَ آمَنُوا مِنكُمْ وَعَمِلُوا الصَّالِحَاتِ لَيَسْتَخْلِفَنَّهُمْ فِي الْأَرْضِ كَمَا اسْتَخْلَفَ الَّذِينَ مِن قَبْلِهِمْ وَلَيُمَكِّنَنَّ لَهُمْ دِينَهُمُ الَّذِي ارْتَضَىٰ لَهُمْ وَلَيُبَدِّلَنَّهُم مِّن بَعْدِ خَوْفِهِمْ أَمْنًا يَعْبُدُونَنِي لَا يُشْرِكُونَ بِي شَيْئًا وَمَن كَفَرَ بَعْدَ ذَٰلِكَ فَأُولَٰئِكَ هُمُ الْفَاسِقُونَ ﴿النور: ٥٥﴾

ശിർക്ക് ചെയ്യാത്തവർക്ക് നിർഭയത്വം നൽകാമെന്ന വാഗ്ദാനം സൂറ അൻആമിലൂടെയും അല്ലാഹു ആവർത്തിക്കുന്നു.

الَّذِينَ آمَنُوا وَلَمْ يَلْبِسُوا إِيمَانَهُم بِظُلْمٍ أُولَٰئِكَ لَهُمُ الْأَمْنُ وَهُم مُّهْتَدُونَ ﴿الأنعام: ٨٢﴾

അഥവാ റബ്ബിനെ മാത്രം ആരാധിക്കുന്ന,അവനെ മാത്രം വിളിച്ചു തേടുന്ന,അവനിൽ യാതൊന്നിനെയും പങ്ക് ചേർക്കാത്ത ശുദ്ധ മുവഹ്ഹിദുകൾക്കാണ് ഈ സഹായ വാഗ്ദാനം.

- ആ സഹായമാണ് ബദ്റിൽ നാം കണ്ടത്
- ആ സഹായമാണ് ഹുനൈനിലും, ഖന്തക്കിലുമെല്ലാം ആവർത്തിക്കപ്പെട്ടത്.
- അവിടെയെല്ലാം പ്രവാചകനിൽ നിന്നും,സ്വഹാബത്തിൽ നിന്നും ഉയർന്ന പ്രാർത്ഥനകൾ ഏകനായ റബ്ബിനോട് മാത്രമായിരുന്നു.

❖ **ബദ്റിൽ**

إِذْ تَسْتَغِيثُونَ رَبَّكُمْ فَاسْتَجَابَ لَكُمْ أَنِّي مُمِدُّكُم بِأَلْفٍ مِّنَ الْمَلَائِكَةِ مُرْدِفِينَ ﴿الأنفال: ٩﴾

പ്രവാചകൻ അക്കാര്യം ജനങ്ങളോട് വിളംബരം ചെയ്തു.

قُلْ إِنَّمَا أَدْعُو رَبِّي وَلَا أُشْرِكُ بِهِ أَحَدًا ﴿الجن: ٢٠﴾

- എന്നാൽ പ്രാർത്ഥന അല്ലാഹുവോട് മാത്രം എന്ന വാദം പൈശാചികമാണെന്ന് വരെ ഇന്ന് ചിലർ പറഞ്ഞു തുടങ്ങിയിരിക്കുന്നു. (വിസ്ഡം യൂത്ത് സംഘടിപ്പിച്ച മുഖാമുഖം)
- അത് സ്ഥാപിക്കാൻ ന്യായങ്ങളും, ദുർവ്യാഖ്യാനങ്ങളും നടത്തിക്കൊണ്ടിരിക്കുന്നു!!
- എവിടെയെത്തി നിൽക്കുന്നു പ്രവാചക അനുയായികൾ എന്ന് അവകാശപ്പെടുന്നവർ!!
- പിന്നെ എങ്ങനെയാണ് ഈ ഉമ്മത്തിന് പ്രതാപവും നിർഭയത്വവും ലഭിക്കുക?
- മത സൗഹർദ്ദത്തിന്റെ പേരിൽ ബിംബങ്ങളെപ്പോലും വന്ദിക്കുന്നിടത്തേക്ക് ആളുകൾ മാറിക്കൊണ്ടിരിക്കുന്നു,!!
- ഈയടുത്ത് ഒരു അറബ് ഭരണാധികാരിയുടെ മകൾ ഇന്ത്യയിലെ സുവർണ്ണ ക്ഷേത്രം സന്ദർശിച്ചതും, അവരുടെ അഭിപ്രായങ്ങളും ഷെയർ ചെയ്യപ്പെട്ടിരുന്നു.
- "ബിംബങ്ങൾക്ക് മുന്നിൽ നിൽക്കുമ്പോൾ തനിക്ക് ഒരു പ്രത്യേക ഊർജ്ജം കിട്ടുന്ന പോലും" معاذ الله
- ഇത് ഒറ്റപ്പെട്ട സംഭവമായി മാത്രം കാണേണ്ടതല്ല.

❖ **പ്രവാചക പ്രവചനങ്ങൾ എത്രമാത്രം സത്യമായി പുലരുകയാണ്.**

عَنْ ثَوْبانَ مَوْلى رَسُولِ اللهِ – ﷺ – قالَ: قالَ رَسُولُ اللهِ – ﷺ :- لا تَقُومُ السّاعَةُ حَتّى تَلْحَقَ قَبائِلُ مِن أُمَّتِي بِالمُشْرِكِينَ، وحَتّى تَعْبُدَ قَبائِلُ مِن أُمَّتِي الأَوْثانَ (صحيح الجامع)

മാത്രമല്ല തൗഹീദിന്റെ അടിത്തറ തന്നെ ഇളക്കുന്ന കറാമത്ത് കഥകളാണ് ഇന്ന് പല പുരോഹിതന്മാരും പ്രചരിപ്പിച്ച് കൊണ്ടിരിക്കുന്നത്.

- ഒരു പുരോഹിതൻ പറഞ്ഞത് - മരിച്ച വ്യക്തിയെ വീണ്ടും ജീവിപ്പിച്ച സി. എം.ഔലിയ

- അതേ പുരോഹിതന്റെ പ്രസംഗത്തിൽ "സി.എം. തന്നെ സന്ദർശിക്കുന്നവർക്ക് വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കുന്ന ഒരു കാലമുണ്ടായിരുന്നു. പിന്നെ അത് മാറി..ഞാൻ അത് മാറ്റിയിരിക്കുന്നു എന്നു പറയുമ്പോഴേക്കും അത് മാറുന്നു.نعوذ با لله
- മഹാനായ ഇബ്രാഹിം നബി പോലും റബ്ബിനെ പരിചയപ്പെടുത്തിയത് നോക്കൂ

الَّذِي خَلَقَنِي فَهُوَ يَهْدِينِ ﴿٧٨﴾ وَالَّذِي هُوَ يُطْعِمُنِي وَيَسْقِينِ ﴿٧٩﴾ وَإِذَا مَرِضْتُ فَهُوَ يَشْفِينِ (الشعراء)

- ഇവിടെ കറാമത്ത് എന്നാൽ മഹാൻമർക്ക് നൽകപ്പെടുന്ന സ്വതന്ത്ര കഴിവുകളും സിദ്ധിക ളുമായി പുരോഹിതർ തെറ്റിദ്ധരിപ്പിക്കുന്നു.
- സത്യത്തിൽ ആരാണ് ഔലിയാക്കൾ? എന്താണ് കറാമത്ത്?

أَلَا إِنَّ أَوْلِيَاءَ اللَّهِ لَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ - الَّذِينَ آمَنُوا وَكَانُوا يَتَّقُونَ ﴿يونس: ٦٢_٦٣﴾

അവരെ ആദരിച്ചുകൊണ്ട് അവരിലൂടെ അല്ലാഹു പ്രകടമാക്കുന്ന അസാധാരണ സംഭവ ങ്ങളാണ് കറാമതുകൾ.

1. മർയം ബീവിക്ക് ഭക്ഷണം ലഭിക്കപ്പെട്ടത്
2. പ്രവാചകന്റെ സദസ്സിൽ നിന്ന് മടങ്ങുമ്പോൾ രണ്ടു സ്വഹാബികൾക്ക് പ്രകാശ ഗോള ങ്ങൾ വെളിച്ചം നൽകിയത്.

**ഇതൊന്നും സ്വതന്ത്ര സിദ്ധികളായിരുന്നില്ല.**

അതിനാൽ തൗഹീദിൽ അടിയുറച്ചതാകട്ടെ നമ്മുടെ ജീവിതം.
അവർക്കാണ് ഇസ്സത്തും, ഖുവ്വത്തും അല്ലാഹു വാഗ്ദാനം ചെയ്യുന്നത്.
അവരുടെ കർമങ്ങളെയാണ് അല്ലാഹു നന്ദിപൂർവ്വം സ്വീകരിക്കുന്നതും.

وَمَنْ أَرَادَ الْآخِرَةَ وَسَعَىٰ لَهَا سَعْيَهَا وَهُوَ مُؤْمِنٌ فَأُولَٰئِكَ كَانَ سَعْيُهُم مَّشْكُورًا ﴿الإسراء: ١٩﴾

---

- ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.
- ഖുത്തുബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:

https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA

- ഇതു വരെയുള്ള എല്ലാ ഖുത്തുബകളും ലഭിക്കാൻ ടെലിഗ്രാം ചാനലിൽ അംഗമാവുക.

https://t.me/joinchat/ScQonQalrhJaZcA_